Calling attention to matters of Public Importance under Rule 66.

Re: Labour Dispute in the Kottayam Cement Factory.

MR. SPEAKER : Order order, I have received notice of a question under Rule 66 from Shri N. Raghava Kurup. It reads :

"I hereby seek the permission of the hon. Speaker, under Rule 66 of the Rules of Procedure and Conduct of Business of the Legislative Assembly to make a motion to call the attention of the hon. Chief Minister to a matter of urgent public importance, namely, the inordinate delay caused by the Government in settling a labour dispute.

"From December 1951, some workers are kept out of the factory by the management of the Travancore Cements Company Ltd. In doing this the management has violated the provisions of the standing orders.

"In 1952, Shri Panampilli Govinda Menon convened a Tripartite Conference. In that Conference, the reinstatement of workers were settled and the cases of those workers against whom criminal cases were pending were postponed to be taken after the disposal of the Criminal cases.

"Subsequently the Criminal cases were disposed of. The Labour Commissioner convened a few conciliation conferences, the last of which was held on 26-6-54. Since then, the Government and the Labour Department are sleeping over this matter. The Government are bound to proceed in the matter under the provisions of law. Hence the executive of the Travancore Cements Workers' Union decided to conduct a satyagraha before the State Secretariat and the dismissed workers have started satyagraha in front of the Secretariat from 6-10-1955.

"Unless the Government take immediate steps to settle this dispute it may very seriously affect the industrial peace in one of the most important industries in the State."

ശ്രീ. എൻ. രാഘവക്കുറുപ്പ് : സർ, ഇതുസംബന്ധിച്ച് ഒരു പ്രസ്താവന ചെയ്യുവാൻ ഞാനാഗ്രഹിക്കുന്നില്ല. ഇതിനുമുമ്പ് പല പ്രാവശ്യം ഗവണ്മെൻറിനേയും ചീഫ്മിനിസ്റ്ററേയും ഈ വിവരം അറിയിച്ചിട്ടുണ്ട്. 1951 ഡിസംബർ 12-ാംതീയതി കോട്ടയം സിമൻറ് ഫാക്ടറിയിൽ ഉണ്ടായ തൊഴിൽതർക്കത്തെ തുടർന്ന് അനേകം തൊഴിലാളികളെ പിരിച്ചുവിടുകയുണ്ടായി. നിയമപ്രകാരം പിരിച്ചുവിടൽ നടന്നിട്ടില്ലെന്നും ഇവരെ തൊഴിലാളികളെ ജോലിക്ക പ്രവേശിപ്പിക്കാതെ പുറത്തു നിർത്തിയിരിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും നമ്മ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. രാഘവക്കുറുപ്പ്]

ണ്മെൻറ്ഭാഗത്തുനിന്നും സമ്മതിക്കുന്നുണ്ട്. 1952-ലാണെന്നു തോന്നുന്നു, ഇന്നത്തെ ചീഫ്മിനിസ്റ്ററും അന്നത്തെ ലേബർമിനിസ്റ്ററുംകൂടിയായ ശ്രീ. പനമ്പിള്ളി ഈ തൊഴിൽതർക്കം സംബന്ധിച്ച് ഒരു ത്രികക്ഷിസമ്മേളനം വിളിച്ചുകൂട്ടുകയുണ്ടായി. അങ്ങനെ വിളിച്ചുകൂട്ടിയ ആ സമ്മേളനത്തിൽ വച്ച് അന്നത്തെ തൊഴിൽതർക്കത്തിൽ കുറെ ഭാഗം പറഞ്ഞുതീർക്കുന്നതിനു വേണ്ടി ആർബിട്രേഷനു വിട്ടുകൊടുക്കുകയും, എന്നാൽ അന്നു പിരിച്ചു വിട്ട കുറെ ആളുകളുടെപേരിൽ ക്രിമിനൽകേസുകൾ ഉണ്ടായിരുന്നതിനാൽ ആ കേസുകൾ തീർന്നശേഷമേ അവരുടെ കാര്യം പരിഗണിക്കാമെന്നു പറയുകയും ചെയ്തിരുന്നു. ആ കേസുകളുടെ വിധി പറഞ്ഞു കഴിഞ്ഞു. പ്രതികൾ നിർദ്ദോഷികളാണെന്നും പോലീസുകാരുടെ ഇടപെടൽ ഇക്കാര്യത്തിനാവശ്യമുണ്ടായിരുന്നില്ലെന്നും മാനേജ്മെൻറാണ് എല്ലാ കുഴപ്പങ്ങളും ഉണ്ടാക്കിയതെന്നും ഉള്ള അഭിപ്രായങ്ങൾ കോടതി ജഡ്ജിമെൻറിൽ പ്രസ്താവിച്ചിട്ടുണ്ട്. ആ ജഡ്ജിമെൻറിലെ പ്രധാന ഭാഗങ്ങൾ പല പ്രാവശ്യം ചീഫ്മിനിസ്റ്ററുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവന്നിട്ടുണ്ട്. കേസുകൾ തീർന്നശേഷം ലേബർകമ്മീഷണറുടെ അദ്ധ്യക്ഷത്തിൽ പല കൺസിലിയേഷൻ കോൺഫറൻസുകളും നടന്നു. അതിൽ അവസാനത്തെ കോൺഫറൻസു നടന്നതു് 26-6-1954-ലാണ്. പക്ഷേ, അതേത്തുടർന്ന് ഇക്കാര്യം സംബന്ധിച്ചു ഗവണ്മെൻറ് എന്തു തീരുമാനം കൈക്കൊണ്ടു എന്നു് യാതൊരറിവുമില്ല. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്സ് ആക്ടിൻപ്രകാരം ഒരു കൺസിലിയേഷൻ ആഫീസറുടെ പരിശ്രമങ്ങൾ വിജയിച്ചില്ലെങ്കിൽ, അദ്ദേഹം അക്കാര്യത്തിൽ നടത്തിയിട്ടുള്ള ശ്രമങ്ങളെപ്പറ്റി ഗവണ്മെൻറിലേക്കു റിപ്പോർട്ട് അയക്കണമെന്നു് അനുശാസിക്കുന്നുണ്ട്. അതേത്തുടർന്ന് ഗവണ്മെൻറ് അധികം താമസിയാതെ ആ തൊഴിൽതർക്കം സംബന്ധിച്ചു് ഒരു വിധി കല്പിക്കുന്നതിനു് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിനയയ്ക്കണം. അല്ലെങ്കിൽ അങ്ങനെ വിടാതിരിക്കുന്നതിനുള്ള കാരണം രേഖാമൂലം ഇരുകക്ഷികളേയും അറിയിക്കണം. ഈ രണ്ടു നടപടികളിൽ ഏതെങ്കിലും ഒന്നു കൈക്കൊള്ളുന്നതിനു് ഗവണ്മെൻറ് ബാദ്ധ്യസ്ഥരാണ്. എന്നാൽ ഈ വിവാദതൊഴിൽത്തർക്കത്തിൽ ഗവണ്മെൻറ് യാതൊരു നടപടിയും ഇതുവരെ നടത്തിയിട്ടില്ല. കൺസിലിയേഷൻ നടന്ന അവസരത്തിൽ, ചീഫ്മിനിസ്റ്റർക്കും ഈ വിവരം അറിയുമായിരിക്കണം. ഈ തൊഴിൽതർക്കം തൊഴിൽതർക്കകോടതിക്കു് റഫർ ചെയ്യാൽ മതിയെന്നു തൊഴിലാളിഭാഗത്തുനിന്നും സമ്മതിച്ചു. അതിനു് മാനേജ്മെൻറ് ആദ്യം സമ്മതിച്ചു എങ്കിലും പിന്നീടു് അവർ ആ സമ്മതം പിൻവലിക്കുകയാണുണ്ടായതു്. അതിനാൽ ഒരു നടപടിയും എടുക്കാതിരിക്കുകയാണു്. ഇതുസംബന്ധിച്ചു് ഞാനും എൻറെ പാർട്ടി നേതാവും, യൂണിയൻ ഭാരവാഹികളും പല പ്രാവശ്യവും ചീഫ്മിനിസ്റ്ററെ നേരിട്ടുകണ്ടു സംസാരിച്ചിട്ടുള്ളതാണു്. ഇക്കാര്യം ഗവണ്മെൻറ് മനഃപൂർവ്വം ഇട്ടു താമസിപ്പിക്കുകയാണു്. ഗവണ്മെൻറിൻറെ ഈ നടപടി നിയമവിരുദ്ധമാണെന്നും, ഇക്കാര്യത്തിൽ വേണ്ടതു് ഉടൻ ചെയ്യുന്നുമെന്നുമുള്ള സംഗതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഈ പ്രമേയം സഭയിൽ കൊണ്ടുവരുന്നതു്. സർ, ഞാൻ നിറുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, 1952-ൽ കോട്ടയം സിമൻറ് ഫാക്ടറിയിലെ തൊഴിലാളികളും മാനേജ്മെൻറും തമ്മിലുള്ള ഒരു അഭിപ്രായവ്യത്യാസം അന്നത്തെ ലേബർ മന്ത്രിയായ എൻറെ മദ്ധ്യസ്ഥതയിൽ തീർക്കുകയുണ്ടായി. അന്നനുവദിക്കപ്പെട്ട എല്ലാ കാര്യങ്ങളും ഒരു ആർബിട്രേറ്റർക്കു വിട്ടുകൊടുത്തു. 25 തൊഴിലാളികൾ ഒന്നുകിൽ പിരിച്ചുവിട്ടവരായിട്ടോ, അല്ലെങ്കിൽ ജോലിക്കു വരാത്തവരായിട്ടോ ബാക്കി നിൽപ്പുണ്ടായിരുന്നു. അവരെ പിരിച്ചുവിട്ടവരാണെന്നു യൂണിയനും, അവർ ജോലിക്കു വരാത്തതുകൊണ്ട് അവരുടെ പേർ വെട്ടിക്കളയുകയാണു ചെയ്തതു് എന്നു മാനേജ്മെൻറും പറഞ്ഞു. അന്നു അവരുടെ പേരിൽ ഒരു ക്രിമിനൽ കേസുണ്ടായിരുന്നു. അതുകൊണ്ടു് അന്നു ഇതിൻറെ ഗുണദോഷങ്ങളെപ്പറ്റി തീരുമാനം ചെയ്യാതെ ഈ 25 പേരുടെ കാര്യം കേസുകഴിഞ്ഞിട്ടാലോചിക്കാമെന്നും പറഞ്ഞു നിറുത്തിവെയ്ക്കുകയാണു ചെയ്തതു്. കേസിൽ അവരെ അക്വിറ്റുചെയ്തു. അതിനു ശേഷം അവരെ തിരിച്ചു എടുക്കണമോ വേണ്ടയോ എന്നുള്ളതിനെപ്പറ്റി ബഹുമാനപ്പെട്ട മെംബർ പറഞ്ഞതുപോലെ 1954 ജൂൺമാസത്തിൽ ഒന്നോ രണ്ടോ തവണ കൺസിലിയേഷൻ എർപ്പാടാക്കി. ആ കൺസിലിയേഷൻ പരാജയപ്പെട്ടതായിട്ടാണു് രേഖകൾകൊണ്ടു കാണുന്നതു്. ഫൈലിൽനിന്നും അങ്ങനെയാണു് മനസ്സിലാകുന്നതു്. ആ ഒത്തുതീർപ്പു സംഭാഷണങ്ങൾ പരാജയപ്പെട്ടതിനുശേഷം ലേബർ കമ്മീഷണർ ഒരു റിപ്പോർട്ടു ഗവണ്മെൻറിലേക്കയച്ചു. ആ റിപ്പോർട്ടിൽ പറയുന്നതു് ഒത്തുതീർപ്പു സംഭാഷണങ്ങൾ നടന്നു, അതു പരാജയപ്പെട്ടിരിക്കുകയാണു്, അതുകൊണ്ടു് ഒരു അഡ്ജൂഡിക്കേഷനു് അയയ്ക്കുന്നതു നന്നായിരിക്കും എന്നാണു്. അന്നു ഗവണ്മെൻറ് ആ ഫയൽ ക്ലോസു് ചെയ്തതു് "Let it lie over" എന്നായിരുന്നു. അതുകൊണ്ടു് എന്നെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ വലിയ ചൂടുതല ഉണ്ടായിരുന്നില്ലെന്നു കാണാം. മുഖ്യമന്ത്രി പനമ്പിള്ളി ഗോവിന്ദമേനോൻ എന്നു ബഹുമാനപ്പെട്ട മെമ്പർ പലതവണ ആവർത്തിച്ചാവർത്തിച്ചു പറയുന്നതുകൊണ്ടാണു് പേഴ്സനൽ ലെവലിൽ ഞാനിതു പറഞ്ഞതു്. ഒരുപക്ഷെ ഒരു നല്ല പേർ ആയതുകൊണ്ടായിരിക്കണം അദ്ദേഹം ഇങ്ങനെ ആവർത്തിച്ചതു്. അങ്ങനെ ഗവണ്മെൻറ് ആർഡർ ചെയ്തിട്ടിരിക്കുന്ന ആ രീതിയിൽതന്നെയാണു് അക്കാര്യം ഇപ്പോഴും കിടക്കുന്നതു്. അങ്ങനെയിരിക്കെ നിയമസഭ തുടങ്ങുന്നതിനു കുറെ ദിവസം മുമ്പു് എൻറെ സ്നേഹിതൻ ശ്രീ. രാഘവക്കുറുപ്പു് ഈ വിഷയത്തെപ്പറ്റി എനിക്കെഴുതുകയുണ്ടായി. അക്കാര്യം അഡ്ജൂഡിക്കേഷനു വിട്ടുകൊടുക്കണമെന്നു്. ശ്രീ. രാഘവക്കുറുപ്പും, ശ്രീ. ടി. വി. തോമസും എന്നോടു പറഞ്ഞിട്ടുണ്ടു്. അതു് അഡ്ജൂഡിക്കേഷനു വെയ്ക്കാൻ ഗവണ്മെൻറിനു സമ്മതമാണു്.

First Report of the Committee of Privileges.

ശ്രീ. ടി. വി. തോമസു്: സർ, ഇപ്പോൾ റിപ്പോർട്ടിനു് അടിസ്ഥാനമായ കാരണങ്ങൾ കഴിഞ്ഞ അസംബ്ലി നടന്നുകൊണ്ടിരുന്ന അവസരത്തിൽ.....